**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1839** **29-09-2025 - ൽ മറുപടിയ്ക്ക്**

**കെ. ജി. റ്റി. ഇ. (കൊമേഴ്സ്) പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2025 ലെ രണ്ടാമത്തെ കെ. ജി. റ്റി. ഇ. (കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ്, ഷോർട്ട്ഹാന്റ് പരീക്ഷകളുടെ വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും, ഈ വർഷത്തെ രണ്ടാമത്തെ പരീക്ഷ എന്ന് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | 28/05/2025 ലെ സ.ഉ.(കൈ)നം.331/2025/HEDN പ്രകാരം കെ.ജി.റ്റി.ഇ പരീക്ഷയുടെ പുതിയ സിലബസ് അംഗീകരിച്ച് ഉത്തരവായതിനാൽ പഴയ സിലബസിൽ ഇനി നടത്തുവാനുള്ള 2025 ലെ രണ്ടാമത്തെ കെ.ജി.റ്റി.ഇ പരീക്ഷ നടത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് പരീക്ഷാഭവൻ സെക്രട്ടറി നൽകിയ കത്തിന്മേൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ ഈ വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| (ബി) | കോവിഡ് കാലത്തിന് മുൻപ് നിലനിന്നിരുന്ന രീതിയിൽ വർഷത്തിൽ രണ്ട് കെ. ജി. റ്റി. ഇ. (കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷ ഈ വർഷം മുതൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ വർഷത്തിൽ രണ്ടു തവണ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കെ. ജി. റ്റി. ഇ. (കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായി സർട്ടിഫിക്കറ്റുകൾ പി. ഡി. എഫ്. ആയി സൈറ്റിൽ അപ്‌ലോഡ് ചെയ്ത് ഓൺലൈനായി അപേക്ഷിച്ചതിനുശേഷം അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ (ഹാർഡ് കോപ്പി) പരീക്ഷാ ഭവനിൽ ലഭ്യമാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി കാലോചിതമായ പരിഷ്കരണം നടത്തുന്നതിന് പരീക്ഷാഭവൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ (ഹാർഡ് കോപ്പി) പരീക്ഷാ ഭവനിൽ ലഭ്യമാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | 28.05.2025 ൽ പുതുക്കിയ സിലബസ് പ്രകാരമുള്ള കെ. ജി. റ്റി. ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ എന്നു | (ഡി) | പുതുക്കിയ സിലബസ് പ്രകാരമുള്ള കെ.ജി.റ്റി.ഇ (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ എന്നു മുതൽ നടത്തണമെന്നത് സംബന്ധിച്ച പരീക്ഷാഭവൻ |

| | | | |
|---|---|---|---|
| | മുതൽ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | സെക്രട്ടറിയുടെ കത്തിന്മേൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ ഈ വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| (ഇ) | കെ. ജി. റ്റി. ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ 28.05.2025ൽ പുതുക്കിയ സിലബസിൽ ടൈപ്പ് റൈറ്റിംഗ് മെഷീനിലുള്ള പരീക്ഷ ഒഴിവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ; ഒഴിവാക്കിയിട്ടില്ലെങ്കിൽ ടൈപ്പ് റൈറ്റിംഗ് മെഷീനിലുള്ള പരീക്ഷ എങ്ങനെ നടത്തുന്നതിനാണ് പുതിയ സിലബസ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) | പുതുക്കിയ സിലബസിൽ ടൈപ്പ് റൈറ്റിംഗ് മെഷീനിലുള്ള പരീക്ഷ ഒഴിവാക്കിയിട്ടില്ല. പുതിയ സിലബസ് പ്രകാരം എല്ലാ വിഷയത്തിന്റെയും പേപ്പർ I (Speed & Documentation) ടൈപ്പ് റൈറ്റിംഗ് മെഷീനിൽ നടത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (എഫ്) | 2025 മെയ് മാസം നടന്ന കെ. ജി. റ്റി. ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ ഫലം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എഫ്) | 2025 മെയ് മാസം നടന്ന കെ.ജി.റ്റി.ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ ഫലം ഒക്ടോബർ മാസം ആദ്യവാരത്തിൽ പ്രസിദ്ധീകരിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ജി) | കെ. ജി. റ്റി. ഇ. (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രസിദ്ധപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം (Centralised Valuation) ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ജി) | കെ.ജി.റ്റി.ഇ (കൊമേഴ്സ് ഗ്രൂപ്പ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം (Centralised Valuation) ഏർപ്പെടുത്തിയാൽ മൂല്യനിർണ്ണയം നടത്തുന്ന സ്കൂളുകളിലെ നിരവധി അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നതിന് കാരണമാവുകയും കൂടാതെ അധിക സാമ്പത്തിക ബാധ്യതയും സൃഷ്ടിക്കും. ആയതിനാൽ കെ.ജി.റ്റി.ഇ പരീക്ഷയ്ക്ക് തൽകാലം നിലവിലെ മൂല്യനിർണയ സംവിധാനം തന്നെ തുടരുന്നു. |

സെക്ഷൻ ഓഫീസർ